P3/23157/2018 Coll.Edn

Directorate of Collegiate Education.
Vikas Bhavan, Thiruvananthapuram
0471-2303107
Dated: 06.08.2018

Director of Collegiate Education

All the Deputy Directors /Principals /Hostel Wardens

Sir,

Sub:- Collegiate Education Department- Plan Fund 2018-19 – Action Taken Report on the Minutes- Regarding

Ref: Minutes of the Plan Review Meeting held on 30.07.2018

Inviting attention to the reference cited I am directed to forward herewith the copy of the minutes of the Plan Review Meeting for the financial year 2018-19 held on 30.07.2018 by the Director of Collegiate Education with the direction to Deputy Directors/Principals/Hostel Wardens strictly adhere to the decisions and to furnish the Action take report pertaining to each para, to this office immediately.

(Send the soft copy to planningdce@gmail.com)

Yours Faithfully,

Sheela P
Senior Finance Officer
For Director of Collegiate Education

**30.07.2018 വൈകുന്നേരം 3.30- ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ചേമ്പറിൽ ബഹു ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ 2018 -19 സാമ്പത്തിക വർഷം അനുവദിച്ച പ്ലാൻ ഫണ്ട് തുകയുടെ അവലോകന യോഗത്തിന്റെ മിനിട്സ്**

2018-19 സാമ്പത്തിക വർഷം അനുവദിച്ച പ്ലാൻ ഫണ്ട് തുകയുടെ അവലോകനം ബഹു: ഡയറക്ടറുടെ അധ്യക്ഷതയിൽ ചേരുകയും, യോഗത്തിൽ തഴേ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് തീരുമാനമെടുത്തു

1. കോളേജുകൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട് തുക സമയബന്ധിതമായി വിനിയോഗിക്കുന്നത് ഉറപ്പു വരുത്തുന്നതിനും പ്രിൻസിപ്പൽമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനുമായി മാസംതോറും പ്ലാൻ ഫണ്ട് അവലോകന യോഗം നടത്താൻ തീരുമാനിച്ചു .

2. 2018 ഡിസംബർ 31 നുള്ളിൽ കോളേജുകൾക്ക് അനുവദിച്ച പ്ലാൻ ഫണ്ട് തുക പൂർണമായും വിനിയോഗിക്കുന്നതിനുള്ള നടപടി പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതാണ് .

3. കോളേജുകൾക്ക് ലഭിച്ച പ്ലാൻ ഫണ്ട് തുക വിനിയോഗിക്കുന്നതിന് ഓരോ മാസവും സ്വീകരിക്കേണ്ട നടപടികൾ രേഖപെടുത്തിയ വിശദമായ പ്ലാൻ കലണ്ടർ (സ്കീം വൈസ്) കോളേജ് പ്രിൻസിപ്പൽ തയ്യാറാക്കി **10.08.2018** മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാകേണ്ടതാണ്.

4. Study Tour, Faculty Development Programme തുടങ്ങിയവ 2018 ഡിസംബർ 31 നുള്ളിൽ കോളേജുകൾ പൂർണമായും പൂർത്തീകരിക്കേണ്ടതും ആയതിനായി ഓരോ മാസവും സ്വീകരിക്കേണ്ട വിശദമായ കലണ്ടർ കോളേജ് പ്രിൻസിപ്പൽ തയാറാക്കി **10.08.2018** മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാകേണ്ടതാണ്.

5. മാച്ചിങ് ഗ്രാൻറ്റ് ശീർഷകത്തിൽ കോളേജുകൾക്ക് അനുവദിച്ച തുക അടിയന്തിരമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

6. PWD മുഖാന്തരം നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക PWD-യുടെ നിർദിഷ്ട ശീർഷകത്തിൽ നിക്ഷേപിച്ച് PWD അധികൃതരെ ഏകോപിപിച്ച് സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിക്കാനുള്ള നടപടികൾ പ്രിൻസിപ്പൽമാർ കൈകൊള്ളേണ്ടതാണ്.

7. മറ്റ് അക്രെഡിറ്റഡ് ഏജൻസികളെ കൊണ്ടും അല്ലാതെയും നടത്തുന്ന നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക സർക്കാർ നടപടി

ക്രമങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിക്കുന്നതിനായി പ്രിൻസിപ്പൽ നേതൃത്വം നൽകേണ്ടതാണ്

8. ആസ്ഥാന കാര്യാലയത്തിന്റെയും സോണൽ ഓഫീസുകളുടെയും നവീകരണത്തിനായി പ്ലാൻ ഫണ്ടിൽ അനുവദിച്ച തുകയിൽ, കോട്ടയം ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയനവീകരണം, ആസ്ഥാന കാര്യാലയത്തിനായി സംസ്കൃത കോളേജിലെ സെമിനാർ ഹാൾ നവീകരണം എന്നിവയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് പുനഃസമർപ്പിക്കേണ്ടതും, ആസ്ഥാന കാര്യാലയത്തിലെ നവീകരണ പ്രവർത്തികൾ ചർച്ച ചെയ്യുന്നതിനായി PWD Executive Engineer യുമായി 01.08.2018 രാവിലെ 11 മണിക്ക് ഡയറക്ടറുടെ ചേമ്പറിൽ യോഗം കൂടുന്നതിനും തീരുമാനിച്ചു.

9. NAAC Accreditation/Re-Accreditation നായി ഈ സാമ്പത്തിക വർഷം തുക ലഭിച്ച കോളേജുകൾ ആയതിനുവേണ്ടിയുള്ള നടപടികൾ ത്വരിത ഗതിയിൽ പൂർത്തീകരിക്കേണ്ടതാണ്.മുൻ വർഷങ്ങളിൽ ഈ ശീർഷകത്തിൽ തുക ലഭിച്ചിട്ടും NAAC Accreditation/Re-Accreditation നുവേണ്ടിയുള്ള നടപടി സ്വീകരിക്കാത്ത കോളേജുകൾ അടിയന്തരമായി NAAC Accreditation/Re-Accreditation നുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം അതാത് സ്ഥാപന മേധാവികൾക്കായിരിക്കും എന്നും അറിയിക്കാൻ തീരുമാനിച്ചു.

യോഗം 4.30 അവസാനിച്ചു

Sd/-

ഹരിത വി കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയരക്ടർ